**Lalith Babu**

**വിവരാവകാശ നിയമപ്രകാരമുള്ള cost അപേക്ഷകൻ ഓഫീസിൽ അടച്ചാൽ cost സ്വീകരിച്ച ഉദ്യോഗസ്ഥൻ അക്കാര്യം ബന്ധപ്പെട്ട പബ്ളിക് ഇൻഫർമേഷൻ ഓഫീസറെ അറിയിക്കേണ്ടതാണ്. ഓഫീസിൽ പണം അടച്ച തീയതിമുതൽ വിവരങ്ങൾ നൽകേണ്ട ദിവസങ്ങൾ വീണ്ടും countdown ചെയ്തു തുടങ്ങുന്നതാണ്.**

ആവശ്യപ്പെട്ട ഫീസ് അപേക്ഷകൻ ഒരു പൊതുഅധികാരിയുടെ ഓഫീസിൽ അടയ്ക്കുക എന്നതാണ് അപേക്ഷകന്റെ ചുമതല. പൊതു അധികാരിയുടെ ഓഫീസിൽ പണം സ്വീകരിക്കുന്ന ആൾക്ക് ഇങ്ങനെ പണം ലഭിച്ച വിവരം അതാത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ അതേദിവസം തന്നെ അറിയിക്കേണ്ട ചുമതലയുണ്ട്. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ സെക്ഷനുകളോ, ഡിപ്പാർട്ടുമെന്റുകളോ തമ്മിലുള്ള കാര്യങ്ങൾ വിവരാവകാശ അപേക്ഷയുമായി വരുന്ന പൗരന് അറിയേണ്ട കാര്യമില്ല. വിവിധ സെക്ഷനും, ഡിപ്പാർട്ടുമെന്റും തമ്മിലുള്ള ഔദ്യോഗിക വിവരങ്ങൾ അറിയിക്കുവാനുള്ള സംവിധാനം കാര്യക്ഷമം ആക്കേണ്ടത് നഗരകാര്യ വകുപ്പു ഡയറക്ടറുടെ ചുമതലയാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണ്ട നടപടികൾ എടുക്കുകയുംവേണമെന്ന് നഗര കാര്യവകുപ്പ് ഡയറക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു. ഇത് സംബന്ധിച്ചെടുത്ത നടപടികളുടെ വിവരം 1 മാസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്. ഈ ഉത്തരവിന്റെ ഒരു പകർപ്പ് നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഇപ്രകാരം ഈ പരാതിയിലെ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു.

കമ്മീഷൻ ഇന്നേദിവസം 2010 ഡിസംബർ മാസം 14-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.